LIBRARY ARCHIVES Kerala Legislative Assembly

(34) അനീഷ് എന്ന യുവാവിന്റെ കൊലപാതകം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി പഞ്ചായത്തിൽപ്പെട്ട പട്ടികജാതിക്കാരനായ പാടിമൺ കാട്ടാമല രാമചന്ദ്രന്റെ മകൻ അനീഷ് കൊലചെയ്യപ്പെടുകയുണ്ടായി. പാടിമണ്ണിൽ ഷാപ്പ് നടത്തിക്കൊണ്ടിരുന്ന ആളുകളാണ് അവിടെ വച്ച് അദ്ദേഹത്തെ തലയ്ക്കടിച്ച് കൊലപ്പെടുത്തിയത്. നാളുകളേറെയായെങ്കിലും ഇതുവരെ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. അത് ദു:ഖകരമായ സാഹചര്യമാണ്.. അതുകൊണ്ട് അടിയന്തിര നടപടി ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഇക്കാര്യം പരിശോധിക്കുന്നതാണ്.

(35) വിവിധ പ്രീ-പ്രൈമറി സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ വേതനം ഏകീകരിക്കണമെന്ന ആവശ്യം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളോട് അനുബന്ധിച്ച് അധ്യാപക-രക്ഷാകർത്തൃ സമിതികൾ ഗവൺമെന്റ് അംഗീകാരത്തോടുകൂടി നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളുണ്ട്. അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളും ശിശുക്ഷേമ സമിതികളും നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളുമുണ്ട്. ഇതിനുപുറമെ ഐ.സി.ഡി.എസ്.-ന്റെ നേതൃത്വത്തിലുള്ള അംഗൻവാടികളുമുണ്ട്. പക്ഷേ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ആയമാർക്കും കിട്ടുന്ന വേതനം തുച്ഛമാണെന്നു മാത്രമല്ല ഒരു ഏകീകൃത സ്വഭാവവുമില്ല. പ്രീ-പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കും ആയമാർക്കും കിട്ടുന്ന വേതനം ഏകീകരിക്കുന്നതിന് ആവശ്യമായ മാനദണ്ഡം നിശ്ചയിക്കുവാനും ന്യായമായ വേതനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ടീച്ചർ പറയുന്ന കാര്യത്തിൽ, സ്കൂളിൽ പി.ടി.എ.-ക്കാർ ആവശ്യപ്പെട്ട് ഇപ്പോൾ പ്രീ-പ്രൈമറി ഉണ്ട്. ഇതിന് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നില്ല. കുട്ടികളിൽനിന്നും കിട്ടുന്ന ഫീസ് ഉപയോഗിച്ചാണ് അവർക്ക് ശമ്പളം കൊടുക്കുന്നത്. ടീച്ചർ പറഞ്ഞതുപോലെ ഏകീകരിക്കുന്ന കാര്യം വളരെ വലിയ സാമ്പത്തിക ബാധ്യത വരുന്ന കാര്യമാണ്.